# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2802

18.08.2017 ലെ മറുപടിയ്ക്ക്

**പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് അഡ്മിഷൻ ലഭിക്കാത്ത അവസ്ഥ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ശശി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികളുടെ തുടർപഠനങ്ങൾക്ക് നടത്തുന്ന നീറ്റ് പരീക്ഷ/എഞ്ചിനീയറിംഗ് എൻട്രൻസ്/എൽ.എൽ.ബി.എൻട്രൻസ്/ ഡിഗ്രി അഡ്മിഷൻ എന്നിവ വിവിധ സമയങ്ങളിൽ വിവിധ വകുപ്പുകളും മന്ത്രാലയങ്ങളും നടത്തുന്നതായതിനാൽ കൃത്യസമയത്ത് വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് അഡ്മിഷൻ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; | (എ) KEAM മുഖേന കേരള സർക്കാരും NEET വഴി കേന്ദ്രസർക്കാറും വ്യത്യസ്ത തീയതികളിൽ അഡ്മിഷൻ നടത്തുന്നതിനാൽ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. കേരള സർക്കാർ നടത്തുന്ന KEAM ന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോഴ്സിലേയ്ക്കുള്ള അഡ്മിഷൻ പുരോഗമിച്ചു വരുമ്പോൾ തന്നെ NEET ഫലം പ്രസിദ്ധീകരിക്കപ്പെടുകയും KEAM പ്രകാരം അഡ്മിഷൻ നേടിയ പല വിദ്യാർത്ഥികളും മെഡിക്കൽ പ്രവേശനം നേടുകയും ചെയ്യുന്നു. |
| (ബി) ഇക്കാരണങ്ങളാൽ സംസ്ഥാനത്ത് മെഡിക്കൽ /എഞ്ചിനീയറിംഗ് /ഡിഗ്രി കോഴ്സുകളുടെ അഡ്മിഷൻ അവസാന ഘട്ടത്തിലെത്തി നിൽക്കുമ്പോഴും നിയമ വിദ്യാർത്ഥികളുടെ അഡ്മിഷൻ തുടങ്ങിയിട്ടില്ല എന്നത് പരിശോധിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) 2017-ലെ ഇന്റർഗ്രേറ്റഡ് പഞ്ചവൽസര എൽ.എൽ.ബി. കോഴ്സിലേക്ക് പ്രവേശനത്തിനുള്ള ആദ്യഘട്ട അലോട്ട്മെന്റ് 12/08/2017-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് 14/08/2017 മുതൽ 18/08/2017 വരെ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടാവുന്നതാണ്. 2017 അധ്യയന വർഷത്തെ ത്രിവൽസര എൽ.എൽ.ബി. കോഴ്സിലേക്കുള്ള പ്രവേശനപ്പരീക്ഷ 06/08/2017 ന് നടന്നു കഴിഞ്ഞു. പ്രസ്തുത കോഴ്സിലേയ്ക്കുള്ള പ്രവേശനം 2017 സെപ്റ്റംബർ 30 - നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(സി) ഇത് ഒഴിവാക്കാനായി വിവിധ മന്ത്രാലയങ്ങളുമായും വകുപ്പുകളുമായും വിദ്യാഭ്യാസ വകുപ്പ് കൂടിയാലോചിച്ച് ഓരോ വർഷത്തേയും ഇത്തരം പരീക്ഷകൾക്കും അഡ്മിഷനുമായി ഒരു കലണ്ടർ (നീറ്റ് പരീക്ഷാ തീയതി പ്രഖ്യാപിക്കുമ്പോൾ തന്നെ) സംസ്ഥാനത്തും പ്രഖ്യാപിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

(സി) ഒരു ഏകീകൃത കലണ്ടർ ഉണ്ടാക്കുക വഴി ഉപരിപഠന രംഗത്ത് വിദ്യാർത്ഥികൾ നേരിടുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ